| 11-06-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങൾക്ക് പരിധിയില്ലാത്ത പവിത്രത ധാരണ ചെയ്യണം, പരിധിയില്ലാത്ത പവിത്രത അർത്ഥം ഒരു ബാബയെയല്ലാതെ വേറെ ആരുടെയും ഓർമ്മ വരരുത്.**

**ചോദ്യം -** ബാബയിൽ നിന്ന് സമ്പത്ത് നേടുന്നതിന് മുമ്പുള്ള പുരുഷാർത്ഥവും അതിന് ശേഷമുള്ള സ്ഥിതിയിലും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?
**ഉത്തരം -** നിങ്ങൾ ബാബയിൽ നിന്ന് സമ്പത്തെടുക്കുമ്പോൾ ദേഹത്തിന്റെ എല്ലാ സംബന്ധത്തെയും ഉപേക്ഷിച്ച് ഒരു ബാബയുടെ ഓർമ്മയിലിരിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യുന്നു, സമ്പത്ത് കിട്ടിക്കഴിഞ്ഞാൽ ബാബയെത്തന്നെ മറക്കുന്നു. ഇപ്പോൾ സമ്പത്തെടുക്കണം അതുകൊണ്ട് ആരുമായും പുതിയ സംബന്ധം വെക്കരുത്. ഇല്ലായെങ്കിൽ മറക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകും. എല്ലാം മറന്ന് ഒരു ബാബയെ ഓർമ്മിക്കൂ അപ്പോൾ സമ്പത്ത് ലഭിക്കും.

**ഗീതം -** ഈ സമയം പോയ്ക്കൊണ്ടിരിക്കുന്നു...............

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരുകയാണ് - ജ്ഞാനിയെന്നും അജ്ഞാനിയെന്നും ആരെയെല്ലാമാണ് പറയുന്നത്, ഇത് കേവലം നിങ്ങൾ ബ്രാഹ്മണർക്കേ അറിയൂ. ഏത് പഠിപ്പിലൂടെയാണോ ഞങ്ങൾ ആത്മാവാണ്, ബാബ പരംപിതാ പരമാത്മാവാണെന്ന് നിങ്ങൾ അറിഞ്ഞത് അതാണ് ജ്ഞാനം. നിങ്ങൾ എപ്പോൾ അവിടെ നിന്ന് മധുബനിലേയ്ക്ക് വരുന്നുവോ അപ്പോൾ ആദ്യമേ തന്നെ തീർച്ചയായും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നു. നമ്മൾ നമ്മുടെ അച്ഛന്റെയടുത്ത് പോവുകയാണ്. ബാബാ എന്ന്, ശിവബാബയെ പറയുന്നു, ശിവബാബ പ്രജാപിതാ ബ്രഹ്മാവിന്റെ ശരീരത്തിലാണ്. അദ്ദേഹവും ബാബയാണ്. നിങ്ങൾ വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ നമ്മൾ ബാപ്ദാദയുടെയടുത്തേക്ക് പോവുകയാണെന്ന് മനസ്സിലാക്കുന്നു. നിങ്ങൾ കത്തിൽ എഴുതുന്നു, ബാപ്ദാദ, ശിവബാബ, ബ്രഹ്മാദാദ. നമ്മൾ ബാബയുടെയടുത്തേക്ക് പോവുകയാണ്. ബാബ കല്പ കല്പം നമ്മളുമായി കാണുന്നു. ബാബ നമ്മളെ പരിധിയില്ലാത്ത പവിത്രതയുള്ളവരാക്കി മാറ്റി നമുക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു. പവിത്രതയിൽ പരിധിയുള്ളതും, പരിധിയില്ലാത്തതുമുണ്ട്. നിങ്ങൾ പരിധിയില്ലാത്ത പവിത്രത, സതോപ്രധാനമാകുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യുന്നു. നമ്പർവൈസായി ആവുക തന്നെ ചെയ്യും. പരിധിയില്ലാത്ത പവിത്രത അർത്ഥം ഒരു ബാബയുടെയല്ലാതെ വേറെ ആരുടെയും ഓർമ്മ വരില്ല. അങ്ങനെയുള്ള ബാബ വളരെ മധുരമാണ്. ഉയർന്നതിലും ഉയർന്ന ഭഗവാനും പരിധിയില്ലാത്ത അച്ഛനുമാണ്. എല്ലാവരുടെയും അച്ഛൻ. നിങ്ങൾ കുട്ടികൾ തന്നെയാണ് തിരിച്ചറിഞ്ഞത്. പരിധിയില്ലാത്ത ബാബ സദാ ഭാരതത്തിൽത്തന്നെയാണ് വരുന്നത്. വന്ന് പരിധിയില്ലാത്ത സന്യാസം ചെയ്യിക്കുന്നു. സന്യാസവും പ്രധാനമാണല്ലോ, അത് വൈരാഗ്യമെന്ന് പറയപ്പെടുന്നു. ബാബ മുഴുവൻ പഴയ മോശമായ ലോകത്തിനോടും വൈരാഗ്യം ഉണർത്തിത്തരുന്നു. കുട്ടികളേ, ഇതിൽ നിന്നും ബുദ്ധിയുടെ യോഗം മാറ്റൂ. ഇതിന്റെ പേര് തന്നെ നരകം, ദു:ഖധാമമെന്നാണ്. സ്വയം തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു, ആരെങ്കിലും മരിച്ചാൽ സ്വർഗ്ഗവാസിയായി എന്ന്, അപ്പോൾ നരകത്തിലായിരുന്നില്ലേ. ഇവർ എന്തെല്ലാമാണോ പറയുന്നത് അതെല്ലാം തെറ്റാണെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായി. ബാബ സ്വർഗ്ഗവാസിയാക്കുന്നതിന് വേണ്ടി ശരിയായ കാര്യം പറഞ്ഞു തരുന്നു. ഇപ്പോൾത്തന്നെ സ്വർഗ്ഗവാസിയാകുന്നതിനുവേണ്ടി പുരുഷാർത്ഥം ചെയ്യാൻ തുടങ്ങണം. ബാബയ്ക്കല്ലാതെ വേറെയാർക്കും പുരുഷാർത്ഥം ചെയ്യിപ്പിക്കാൻ സാധിക്കില്ല. നിങ്ങളിപ്പോൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് - 21 ജന്മത്തേയ്ക്ക് സ്വർഗ്ഗവാസിയാകാൻ വേണ്ടി. ആക്കുന്നത് ബാബയാണ്. ബാബയെ പറയുന്നത് തന്നെ ഹെവൻലി ഗോഡ് ഫാദർ എന്നാണ്. സ്വയം വന്ന് പറയുന്നു കുട്ടികളേ - ഞാൻ ആദ്യം നിങ്ങളെ ശാന്തിധാമത്തിലേയ്ക്ക് കൊണ്ടു പോകും. അധികാരിയാണല്ലോ. ശാന്തിധാമത്തിൽ പോയി പിന്നീട് സുഖധാമത്തിലേയ്ക്ക് പാർട്ടഭിയിക്കാൻ വരും. നമ്മൾ ശാന്തിധാമത്തിൽ പോകും അപ്പോൾ എല്ലാ ധർമ്മത്തിലുള്ളവരും, ശാന്തിധാമത്തിൽ പോകും. ഈ മുഴുവൻ ഡ്രാമയുടെ ചക്രത്തെയും ബുദ്ധിയിൽ വെയ്ക്കണം. നമ്മളെല്ലാവരും ശാന്തിധാമത്തിലേക്ക് പോകും പിന്നീട് നമ്മൾ തന്നെയാണ് ആദ്യം വന്ന് ബാബയിൽ നിന്ന് സമ്പത്ത് നേടുന്നത്. ആരിൽ നിന്നാണോ സമ്പത്ത് നേടുന്നത് അദ്ദേഹത്തെ തീർച്ചയായും ഓർമ്മിക്കണം. കുട്ടികൾക്കറിയാം സമ്പത്ത് ലഭിച്ചുകഴിഞ്ഞാൽ പിന്നെ ബാബയെ മറന്നു പോകും. വളരെ സഹജമായ രീതിയിൽ സമ്പത്ത് ലഭിക്കുന്നു. ബാബ സന്മുഖത്തു പറയുകയാണ് - മധുരമായ കുട്ടികളേ, ദേഹത്തിന്റെ ഏതെല്ലാം സംബന്ധങ്ങളുണ്ടോ, അതെല്ലാം മറക്കൂ. ഇപ്പോൾ യാതൊരു പുതിയ സംബന്ധവും വെക്കരുത്. അഥവാ ഏതെങ്കിലും സംബന്ധം വെച്ചി

ട്ടുണ്ടെങ്കിൽ പിന്നീട് അതിനെ മറക്കേണ്ടി വരും. മനസ്സിലാക്കൂ ആൺകുട്ടി അല്ലെങ്കിൽ പെൺകുട്ടി ജനിച്ചു, അപ്പോഴും ബുദ്ധിമുട്ടാകും. കൂടുതൽ ചിന്ത വർദ്ധിക്കുമല്ലോ. ബാബ പറയുകയാണ്, എല്ലാവരെയും മറന്ന് ഒരാളെ മാത്രം ഓർമ്മിക്കണം. അത് നമ്മുടെ മാതാവും, പിതാവും, ടീച്ചറും, ഗുരുവും എല്ലാമാണ്, ഒരു ബാബയുടെ കുട്ടികളായ നാം സഹോദരീ-സഹോദരരാണ്. ചെറിയച്ഛൻ-അമ്മാവൻ മുതലായ യാതൊരു സംബന്ധവുമില്ല. സഹോദരീ-സഹോദര സംബന്ധം വെയ്ക്കുന്നത് ഈ ഒരേയൊരു സമയത്ത് മാത്രമാണ്. ബ്രഹ്മാവിന്റെ കുട്ടികൾ ശിവബാബയുടെയും കുട്ടികളാണ് അതിനാൽ പേരക്കുട്ടികളുമാണ്. ഇത് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ബുദ്ധിയിൽ പക്കാ ഓർമ്മവരുന്നുണ്ടല്ലോ. നിങ്ങൾ കുട്ടികൾ നടക്കുമ്പോഴും, കറങ്ങുമ്പോഴും സ്വദർശന ചക്രധാരിയായി മാറുന്നു.

ഈ സമയം നിങ്ങൾ കുട്ടികൾ ചൈതന്യ ലൈറ്റ് ഹൗസാണ്, നിങ്ങളുടെ ഒരു കണ്ണിൽ മുക്തിധാമവും, മറുകണ്ണിൽ ജീവൻ മുക്തിധാമവുമാണ്. ആ ലൈറ്റ് ഹൗസ് ജഡമാണ്, നിങ്ങൾ ചൈതന്യമാണ്. നിങ്ങൾക്ക് ജ്ഞാനത്തിന്റെ നേത്രം ലഭിച്ചിരിക്കുന്നു. നിങ്ങൾ ജ്ഞാനവാനായി മാറി എല്ലാവർക്കും വഴി കാണിച്ചു കൊടുക്കുന്നു. ബാബയും നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം - ഇത് ദുഖധാമമാണ്. നമ്മളിപ്പോൾ സംഗമത്തിലാണ്. ബാക്കി ലോകത്തിലുള്ള മുഴുവൻ പേരും കലിയുഗത്തിലാണ്. സംഗമത്തിൽ ബാബ കുട്ടികളുടെയടുത്തിരുന്ന് സംസാരിക്കുന്നു, മാത്രമല്ല കുട്ടികൾ തന്നെയാണ് ഇവിടേക്ക് വരുന്നത്. ചിലർ എഴുതുന്നു, ബാബാ ഇന്നയാളെ കൊണ്ടു വരട്ടേ? നല്ലത് തന്നെ, ഒരുപക്ഷെ അമ്പ് തറക്കുകയാണെങ്കിൽ ഗുണങ്ങളെടുക്കും. അതിനാൽ ബാബയ്ക്കും ദയ തോന്നുകയാണ്, വരുകയാണെങ്കിൽ മംഗളമുണ്ടാകും. ഇത് പുരുഷോത്തമ സംഗമയുഗമാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഈ സമയത്ത് തന്നെയാണ് നിങ്ങൾ പുരുഷോത്തമരായി മാറുന്നത്. കലിയുഗത്തിലെല്ലാവരും കനിഷ്ഠ പുരുഷനാണ്, അവർ ഉത്തമ പുരുഷനായ ലക്ഷ്മീ നാരായണനെ നമിക്കുന്നു. സത്യയുഗത്തിൽ ആരും ആരെയും നമിക്കുന്നില്ല. ഇവിടുത്തെ ഈ എല്ലാ കാര്യങ്ങളും അവിടെ ഉണ്ടായിരിക്കില്ല. ഇതും ബാബ മനസ്സിലാക്കിത്തരികയാണ്- നല്ല രീതിയിൽ ബാബയെ ഓർമ്മിച്ച് സേവനം ചെയ്യുകയാണെങ്കിൽ മുന്നോട്ട് പോകുമ്പോൾ നിങ്ങൾക്ക് സാക്ഷാത്ക്കാരവും ഉണ്ടായിക്കൊണ്ടിരിക്കും. നിങ്ങൾ ആരുടെയും ഭക്തി ചെയ്യുന്നില്ല. ബാബ കേവലം നിങ്ങളെ പഠിപ്പിക്കുകയാണ്. വീട്ടിലിരിക്കുമ്പോൾ തന്നെ നിങ്ങൾക്ക് സാക്ഷാത്ക്കാരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അനേകർക്ക് ബ്രഹ്മാവിന്റെ സാക്ഷാത്ക്കാരമുണ്ടാകുന്നു, ബ്രഹ്മാവിന്റെ സാക്ഷാത്ക്കാരത്തിന് വേണ്ടി ആരും പുരുഷാർത്ഥം ചെയ്യുന്നില്ല. പരിധിയില്ലാത്ത ബാബ ഇദ്ദേഹത്തിലൂടെ സാക്ഷാത്ക്കാരം ചെയ്യിപ്പിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ആര് ആരിൽ എന്ത് ഭാവന വെക്കുന്നുവോ, അവരുടെ സാക്ഷാത്ക്കാരമുണ്ടാകുന്നു. ഇപ്പോൾ നിങ്ങളുടെ ഭാവന ഏറ്റവും ഉയർന്നതിലും ഉയർന്ന ബാബയിലാണ്. അതിനാൽ പരിശ്രമമില്ലാതെ തന്നെ ബാബ സാക്ഷാത്ക്കാരം ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു. തുടക്കത്തിൽ വളരെയധികം ധ്യാനത്തിൽ പോയിരുന്നു, പരസ്പരമിരുന്ന് താനേ ധ്യാനത്തിലേക്ക് പോകുമായിരുന്നു. ആരും ഭക്തി ചെയ്തിട്ടേയില്ല. കുട്ടികൾ എപ്പോഴെങ്കിലും ഭക്തി ചെയ്യുന്നുണ്ടോ? ഒരു കളി കഴിഞ്ഞ പോലെയായിരുന്നു, വരൂ വൈകുണ്ഢത്തിലേക്ക് പോകാം. പരസ്പരം ദൃഷ്ടി കൊടുത്ത് പോകുമായിരുന്നു, എന്തെല്ലാമാണോ കഴിഞ്ഞു പോയത് അത് വീണ്ടും ആവർത്തിക്കും. നിങ്ങൾ അറിയുന്നു നമ്മൾ ഈ ധർമ്മത്തിലേതായിരുന്നു. സത്യയുഗത്തിൽ ആദ്യമാദ്യം ഈ ധർമ്മമാണ്, ഇതിൽ വളരെയധികം സുഖമുണ്ട്. പിന്നീട് പതുക്കെപ്പതുക്കെ കലകൾ കുറയുന്നു. പുതിയ കെട്ടിടത്തിൽ ലഭിക്കുന്ന സുഖം പഴയതിൽ ലഭിക്കില്ല. കുറച്ച് സമയത്തിന് ശേഷം ആ പ്രൗഢി കുറയുന്നു. സ്വർഗ്ഗത്തിലും നരകത്തിലും വളരെയധികം വ്യത്യാസമുണ്ടായിരിക്കുമല്ലോ. എവിടെ സ്വർഗ്ഗം, എവിടെ ഈ നരകം! നിങ്ങൾ സന്തോഷത്തിലിരിക്കുന്നു, ഇതും അറിയാം ബാബയുടെ ഓർമ്മയും ഉറച്ചതായിരിക്കും. നമ്മൾ ആത്മാവാണ് - ഇത് മറന്നു പോവുകയാണെങ്കിൽ പിന്നീട് ദേഹാഭിമാനത്തിലേയ്ക്ക് വരുന്നു. ഇവിടെയിരിക്കുമ്പോഴെങ്കിലും പരിശ്രമം ചെയ്ത് സ്വയം ആത്മാവാണെന്ന് ഉറപ്പിക്കൂ. അപ്പോൾ ബാബയുടെ ഓർമ്മയും ഉണ്ടാകും. ദേഹത്തിൽ വരുന്നതിലൂടെ പിന്നീട് ദേഹത്തിന്റെ എല്ലാ സംബന്ധവും ഓർമ്മ വരും. ഇതൊരു നിയമമാണ്. നിങ്ങൾ പാടാറുമുണ്ട് എന്റേത് ഒരു ബാബ മാത്രമാണ് രണ്ടാമതൊരാളില്ല... ബാബാ ഞങ്ങൾ അർപ്പണമാകും. അത് ഇപ്പോഴത്തെ സമയമാണ്, ഒരാളെ മാത്രം ഓർമ്മിക്കണം. കണ്ണുകൾ കൊണ്ട് എന്ത് വേണമെങ്കിലും കണ്ടോളൂ, ചുറ്റിക്കറങ്ങിക്കോളൂ കേവലം ആത്മാവിന് ബാബയെ ഓർമ്മിക്കണം. ശരീര നിർവാഹാർത്ഥം കർമ്മവും ചെയ്യണം. പക്ഷെ കൈകൊണ്ട് കർമ്മം ചെയ്ത്, മനസ്സ് ബാബയുടെ ഓർമ്മയിൽ വെക്കൂ, ആത്മാവിന് തന്റെ പ്രിയതമനെത്തന്നെ ഓർമ്മിക്കണം. ആർക്കെങ്കിലും കൂട്ടുകാരിയോട് പ്രീതി ഉണ്ടാവുന്നുവെങ്കിൽ പിന്നീട് അവരുടെ തന്നെ ഓർമ്മയുണ്ടാകുന്നു. പിന്നീട് ആ ചരട്(സ്നേഹം) മുറിക്കാൻ വളരെയധികം ബുദ്ധിമുട്ടേണ്ടി വരുന്നു. ചോദിക്കുന്നു ബാബാ, ഇതെന്താണ്! ഹേയ് നിങ്ങൾ നാമ- രൂപത്തിൽ എന്തിനാണ് കുടുങ്ങുന്നത്. ഒന്ന് നിങ്ങൾ ദേഹാഭിമാനിയാകുന്നു, രണ്ടാമത് പിന്നെ നിങ്ങളുടെ ഏതെങ്കിലും കഴിഞ്ഞുപോയ കർമ്മക്കണക്ക്, അത് ചതിക്കുന്നു. ബാബ പറയുന്നു ഈ കണ്ണു

കൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതിലേയ്ക്ക് ബുദ്ധി പോകരുത്. ശിവബാബ നമ്മേ പഠിപ്പിക്കുകയാണെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ടായിരിക്കണം. ഇവിടെ ഇരിക്കുമ്പോഴും ബാബയെ ഒരിക്കലും ഓർമ്മിക്കാത്ത ഒരുപാട് കുട്ടികളുണ്ട്. പലർക്കും ഇവിടെ ഇരിക്കുമ്പോഴും ഓർമ്മയിലിരിക്കാൻ കഴിയുന്നില്ല. അതിനാൽ സ്വയം നോക്കണം – നമ്മൾ എത്രത്തോളം ശിവബാബയെ ഓർമ്മിച്ചു? ഇല്ലായെങ്കിൽ ചാർട്ടിൽ പ്രശ്നം വരും.

ഭഗവാൻ പറയുകയാണ് – മധുരമായ കുട്ടികളേ, എന്നെ ഓർമ്മിക്കൂ. തന്റെയടുത്ത് കുറിച്ച് വെക്കൂ, എപ്പോൾ ആഗ്രഹിക്കുന്നുവോ ഓർമ്മിയിലിരിക്കൂ. ഭക്ഷണം കഴിച്ച് ഉലാത്തിക്കഴിഞ്ഞ് 10–15 മിനിറ്റ് ഓർമ്മയിലിരിക്കൂ കാരണം ഇവിടെ യാതൊരു ഭാരിച്ച ജോലിയൊന്നുമില്ലല്ലോ. എന്നാലും ജോലിയെല്ലാം ഉപേക്ഷിച്ച് വന്നവരുടെ ബുദ്ധിയിൽ അത് വന്നുകൊണ്ടിരിക്കും. ലക്ഷ്യം വളരെ വലുതാണ്, അതുകൊണ്ട് ബാബ പറയുകയാണ്, തന്റെ പരിശോധന ചെയ്യൂ. ഇത് നിങ്ങളുടെ വളരെ അമൂല്യമായ സമയമാണ്. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ വളരെയേറെ സമയം നഷ്ടപ്പെടുത്തി. ദിനംപ്രതി വീണുകൊണ്ടേയിരിക്കുന്നു. കൃഷ്ണന്റെ ദർശനമുണ്ടായി, വളരെയധികം സന്തോഷിക്കുന്നു. ഒന്നും തന്നെ ലഭിക്കുന്നില്ല. അച്ഛന്റെ സമ്പത്ത് ഒരു തവണയാണ് ലഭിക്കുക, ബാബയിപ്പോൾ പറയുകയാണ് എന്റെ ഓർമ്മയിലിരിക്കുകയാണെങ്കിൽ നിങ്ങളുടെ ജന്മ-ജന്മാന്തരങ്ങളിലെ പാപം നശിച്ചു പോകും. ആരാണോ ഓർമ്മയിലിരുന്ന് തന്റെ വികർമ്മങ്ങളെ വിനാശമാക്കി കർമ്മാതീത അവസ്ഥ നേടുന്നത് അങ്ങിനെയുള്ള കുട്ടികൾക്കേ സ്വർഗ്ഗത്തിലേക്കുള്ള പാസ്പോർട്ട് ലഭിക്കൂ, ഇല്ലായെങ്കിൽ ഒരുപാട് ശിക്ഷ അനുഭവിക്കേണ്ടി വരും. ബാബ ഈ നിർദ്ദേശവും നൽകുകയാണ് തന്റെ കിരീടത്തിന്റെയും, സിംഹാസനത്തിന്റെയും ഫോട്ടോ തന്റെ പോക്കറ്റിൽ വെക്കുകയാണെങ്കിൽ ഓർമ്മയുണ്ടാകും. ഇതിലൂടെ നമ്മൾ ഇങ്ങനെയാകുന്നു. എത്ര നോക്കുന്നുവോ അത്രയും ഓർമ്മിക്കും. പിന്നീട് അതിൽ തന്നെ മോഹം വരും. നമ്മൾ ഇതായി മാറിക്കൊണ്ടിരിക്കുകയാണ്– നരനിൽ നിന്ന് നാരായണൻ, ചിത്രം കാണുമ്പോൾ സന്തോഷമുണ്ടാകും. ശിവബാബയുടെ ഓർമ്മ വരും. ഇതെല്ലാം പുരുഷാർത്ഥത്തിനുള്ള യുക്തികളാണ്. ആരോട് വേണമെങ്കിലും നിങ്ങൾ ചോദിക്കൂ സത്യനാരായണന്റെ കഥ കേൾക്കുന്നതുകൊണ്ട് എന്താണ് സംഭവിക്കുക? നമ്മുടെ ബാബ നമുക്ക് സത്യനാരായണന്റെ കഥ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. 84 ജന്മങ്ങളെടുക്കുന്നതെങ്ങനെയാണ്, അതിന്റെയും കണക്ക് വേണമല്ലോ. എല്ലാവരുമൊന്നും 84 ജന്മങ്ങൾ എടുക്കില്ല. ലോകത്തിലുള്ളവർക്ക് ഒന്നും തന്നെ അറിയില്ല. ഇങ്ങനെ മുഖത്തിലൂടെ പറയുന്നു– ഇതിനെയാണ് പറയുന്നത് സൈദ്ധാന്തികം(തിയററ്റിക്കൽ). നിങ്ങളുടേത് പ്രായോഗിക (പ്രാക്ക്ടിക്കൽ)മാണ്. ഇപ്പോൾ എന്താണോ നടന്നുകൊണ്ടിരിക്കുന്നത് അതിനെ പിന്നീട് ഭക്തിമാർഗ്ഗത്തിൽ പുസ്തകങ്ങൾ മുതലായവ ഉണ്ടാക്കും. നിങ്ങൾ സ്വദർശന ചക്രധാരിയായി മാറി വിഷ്ണുപുരിയിലേയ്ക്ക് വരുന്നു. ഇത് പുതിയ കാര്യമാണ്. രാവണ രാജ്യം അസത്യഖണ്ഡം, പിന്നീട് സത്യഖണ്ഡമായ രാമരാജ്യമാകും. ചിത്രങ്ങളിൽ വളരെ വ്യക്തമാണ്. ഇപ്പോൾ ഈ പഴയ ലോകത്തിന്റെ അവസാനമാണ്, 5000 വർഷങ്ങൾക്കു മുമ്പും വിനാശം സംഭവിച്ചിട്ടുണ്ടായിരുന്നു. ശാസ്ത്രജ്ഞന്മാർ ആരെല്ലാമുണ്ടോ അവർക്ക് ചിന്ത വരുകയാണ് നമുക്കേതോ പ്രേരണ വരുന്നുണ്ട്, അതുകൊണ്ടാണ് നമ്മളിതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മൾ ഇത് ചെയ്യുമ്പോൾ ഇതിലൂടെ എല്ലാം നശിച്ചുപോകുമെന്ന് മനസ്സിലാക്കുന്നുമുണ്ട്. പക്ഷെ പരവശരാണ്, പേടി തോന്നുകയാണ്. വീട്ടിലിരുന്ന് ഒരു ബോംബ് ഇടുകയാണെങ്കിൽ എല്ലാം നശിപ്പിക്കാമെന്നു മനസ്സിലാക്കുകയാണ്. വിമാനം, പെട്രോൾ മുതലായവയുടെയൊന്നും ആവശ്യമുണ്ടായിരിക്കില്ല. തീർച്ചയായും വിനാശം സംഭവിക്കുക തന്നെ ചെയ്യുന്നു. സത്യയുഗം പുതിയ ലോകമായിരുന്നു, ക്രിസ്തുവിന് 3000 വർഷം മുമ്പ് സ്വർഗ്ഗമായിരുന്നു ഇപ്പോൾ വീണ്ടും സ്വർഗ്ഗത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. മുന്നോട്ട് പോകുമ്പോൾ മനസ്സിലാകും – തീർച്ചയായും സ്ഥാപനയുണ്ടാകുമെന്ന് നിങ്ങൾക്കറിയാം. ഇതിൽ ഒട്ടും തന്നെ സംശയമില്ല.

ഈ ഡ്രാമ കൽപം മുമ്പെന്ന പോലെ നടന്നുകൊണ്ടിരിക്കുന്നു. ഡ്രാമ തീർച്ചയായും പുരുഷാർത്ഥം ചെയ്യിപ്പിക്കും. എന്താണോ ഡ്രാമയിലുള്ളത് അത് നടക്കും..... ഇങ്ങനെയുമാകരുത്. ചോദിക്കുകയാണ് പുരുഷാർത്ഥമാണോ പ്രാപ്തിയാണോ വലുത്? പുരുഷാർത്ഥമാണ് വലുത് കാരണം പുരുഷാർത്ഥം തന്നെയാണ് പ്രാപ്തി ഉണ്ടാക്കുന്നത്. പുരുഷാർത്ഥമില്ലാതെ ഒരിക്കലും ആർക്കും ഇരിക്കാൻ സാധിക്കില്ല. നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയല്ലേ. എവിടെ നിന്നെല്ലാമാണ് കുട്ടികൾ വന്ന്, പുരുഷാർത്ഥം ചെയ്യുന്നത്. ബാബാ, ഞങ്ങൾ മറന്നുപോകുന്നുവെന്ന് പറയുന്നു. ശിവബാബ നിങ്ങളോട് പറയുകയാണ് എന്നെ ഓർമ്മിക്കൂ, ആരോട് പറഞ്ഞു? ആത്മാവായ എന്നോട് പറഞ്ഞു. ബാബ ആത്മാക്കളോട് തന്നെയാണ് സംസാരിക്കുന്നത്. ശിവബാബ തന്നെയാണ് പതിത പാവനൻ, ഈ ആത്മാവും ബാബയിൽ നിന്ന് കേൾക്കുന്നു. പരിധിയില്ലാത്ത ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നുവെന്ന ഉറച്ച നിശ്ചയം നിങ്ങൾ കുട്ടികൾക്ക് ഉണ്ടായിരിക്കണം. ബാബ ഉയർന്നതിലും ഉയർന്ന, അതി സ്നേഹി

യായ അച്ഛനാണ്. ഭക്തിമാർഗ്ഗത്തിൽ ബാബയെത്തന്നെയാണ് ഓർമ്മിച്ചിരുന്നത്, പാടുന്നുമുണ്ട് അങ്ങയുടെ ഗതിയും മതവും വേറിട്ടതാണ്. അതിനാൽ തീർച്ചയായും മതം നൽകിയിരുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട് – എല്ലാ മനുഷ്യരും തിരിച്ച് വീട്ടിലേക്ക് പോകും. ചിന്തിക്കൂ എത്രയധികം ആത്മാക്കളാണ്, എല്ലാവരുടെയും സെക്ഷനുണ്ട്. പിന്നീട് എല്ലാ ആത്മാക്കളും നമ്പർവൈസായി പോയി വീട്ടിലിരിക്കും. ക്ലാസ്സ് ട്രാസ്ഫറാകുമ്പോൾ നമ്പർക്രമത്തിലിരിക്കുമല്ലോ. നിങ്ങളും നമ്പർക്രമത്തിൽ പോകുന്നു. ചെറിയ ബിന്ദു(ആത്മ) നമ്പർക്രമത്തിൽ പോയി ഇരിക്കും പിന്നീട് നമ്പർക്രമത്തിൽ പാർട്ടിൽ വരും. ഇത് രുദ്രമാലയാണ്. ബാബ പറയുന്നു, എന്റെ മാല ഇത്രയും കോടി ആത്മാക്കളുടെതാണ്. പുഷ്പമായ ഞാൻ മുകളിലാണ്, പിന്നീട് പാർട്ടഭിനയിക്കുന്നതിന് വേണ്ടി എല്ലാവരും ഇവിടേക്ക് തന്നെ വരുന്നു. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ ഡ്രാമയെന്ന് പറയാറുമുണ്ട്. എങ്ങനെയാണ് ഈ ഡ്രാമ നടക്കുന്നത് ഇത് നിങ്ങൾക്കേ അറിയൂ. എല്ലാവരോടും ഇത് പറയൂ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും പിന്നീട് നിങ്ങൾ തിരിച്ച് പോകും. ഇതിലാണ് പരിശ്രമം. എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കണം, നിങ്ങളുടെ കർത്തവ്യമാണ്. നിങ്ങൾ ഒരു ദേഹധാരിയിലും കുടുങ്ങരുത്. ബാബ പറയുകയാണ്, എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപം ഭസ്മമാകും. ബാബ നിർദ്ദേശം നൽകുന്നു അതിനാൽ ചെയ്യേണ്ടതുണ്ട്. ചോദിക്കേണ്ട കാര്യമുണ്ടോ. എങ്ങനെയായാലും തീർച്ചയായും ഓർമ്മിക്കൂ, ഇക്കാര്യത്തിൽ ബാബ എന്ത് കൃപ ചെയ്യാനാണ്. ഓർമ്മിക്കേണ്ടത് നിങ്ങളാണ്, സമ്പത്തെടുക്കേണ്ടതും നിങ്ങളാണ്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്തും ലഭിക്കും. ഇപ്പോൾ നിങ്ങൾക്കറിയാം ഈ വൃക്ഷം പഴയതായി അതുകൊണ്ട് ഈ പഴയ ലോകത്തോട് വൈരാഗ്യമുണ്ടാവണം. ഇതിനെയാണ് പരിധിയില്ലാത്ത വൈരാഗ്യമെന്ന് പറയുന്നത്. ആ ഹഠയോഗികളുടേത് പരിധിയുള്ള വൈരാഗ്യമാണ്. അവർക്ക് പരിധിയില്ലാത്ത വൈരാഗ്യം പഠിപ്പിക്കാൻ കഴിയില്ല. പരിധിയില്ലാത്ത വൈരാഗ്യമുള്ളവർ പിന്നെ പരിധിയുള്ള വൈരാഗ്യം എങ്ങനെ പഠിപ്പിക്കും. ബാബയിപ്പോൾ പറയുകയാണ് കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടികളേ, നിങ്ങളും പറയുകയാണ് വളരെക്കാലമായി വേറിട്ടുപോയ അച്ഛനാണ്. 63 ജന്മം ബാബയെ ഓർമ്മിച്ചു, മതി, നമുക്ക് ഒരേയൊരു ബാബയാണ് രണ്ടാമതൊരാളില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം

1. സ്വർഗ്ഗത്തിൽ പോകാനുള്ള പാസ്പോർട്ട് നേടുന്നതിന് വേണ്ടി ബാബയുടെ ഓർമ്മയിലൂടെ തന്റെ വികർമ്മങ്ങളെ വിനാശമാക്കി കർമ്മാതീത അവസ്ഥയുണ്ടാക്കണം. ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

2. ജ്ഞാനവാനായി മാറി എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കണം, ചൈതന്യ ലൈറ്റ് ഹൗസായി മാറണം. ഒരു കണ്ണിൽ ശാന്തിധാമവും മറുകണ്ണിൽ സുഖധാമവുമായിരിക്കണം. ഈ ദുഖധാമത്തെ മറന്നുകളയണം.

## വരദാനം-ഓരോ ആത്മാക്കളേയും ഉന്നതിയിലേക്ക് ഉയർത്തണമെന്ന ഭാവനയിലൂടെ ആദരവ് നൽകുന്ന ശുഭചിന്തകരായി ഭവിക്കട്ടെ.

ഓരോ ആത്മാവിനെ പ്രതിയും ശ്രേഷ്ഠഭാവന അഥവാ ഉന്നതിയിലേക്കെത്തിക്കുവാനുള്ള ഭാവന,മുന്നോട്ടുനയിക്കാനുള്ള ഭാവന വെക്കുകയെന്നാൽ ശുഭചിന്തകരാകുക എന്നാണർത്ഥം.തന്റെ ശുഭമായ മനോവൃത്തിയിലൂടെയും ,ശുഭചിന്തകസ്ഥിതിയിലൂടെയും അന്യരുടെ അവഗുണങ്ങളെപ്പോലും പരിവർത്തനം ചെയ്യുക.ആരുടേയും ദുർബലതകളെ അല്ലെങ്കിൽ അവഗുണങ്ങളെ തന്റേതെന്നതുപോലെ വർണ്ണിക്കുന്നതിനും,പരത്തുന്നതിനും പകരം ഉൾക്കൊള്ളുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നതിനെയാണ് ആദരവ് നൽകുക എന്ന് പറയുന്നത്. വലിയകാര്യത്തെ ചെറുതാക്കുക,നിരാശരെ ശക്തിശാലിയാക്കുക, അവരുടെ കൂട്ടുകെട്ടിൽ പെടാതിരിക്കുക,അവർക്ക് സദാ ഉൻമേഷവും ഉൽസാഹവും നൽകുക ഇതെല്ലാമാണ് ആദരവ് നൽകൽ.ഇങ്ങിനെ ആദരവ് നൽകുന്നവർ തന്നെയാണ് ശുഭചിന്തകർ.

**സ്ലോഗൻ– ത്യാഗത്തിന്റെ ഭാവത്തെ സമാപ്തമാക്കുന്നത് പഴയ സ്വഭാവ സംസ്ക്കാരങ്ങളാണ് അതിനാൽ അവയെ ത്യജിക്കൂ.**

**അവ്യക്ത സൂചന– ആത്മസ്ഥിതിയിൽ ഇരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ അന്തർമുഖിയാകൂ..**
എങ്ങിനെയാണോ ബ്രഹ്മാബാബ ഏകാന്തപ്രിയനായി സദാ അന്തർമുഖിയായി ഇരുന്നുകൊണ്ട്,ഞാൻ ആത്മാവാണ്,ഞാൻ ആത്മാവാണ്...എന്ന പാഠം ഉറപ്പിച്ചത് അതുകൊണ്ട് അദ്ദേഹം സ്വയം സദാശാന്തിയുടേയും സുഖത്തിന്റെയും സാഗരത്തിൽ അലിഞ്ഞുചേർന്നിരുന്നു, മാത്രമല്ല അന്യ ആത്മാക്കൾക്കും തന്റെ ശുദ്ധസങ്കൽപങ്ങളിലൂടെയും, വൈബ്രേഷൻസിലൂടെയും, മനോവൃത്തിയിലൂടെയും, വാക്കുകളിലൂടെയും, സമ്പർക്കത്തിലൂടേയും ശാന്തിയുടേയും സുഖത്തിന്റെയും അനുഭൂതി ചെയ്യിച്ചിരുന്നത് അങ്ങിനെയുള്ള ഫോളോ ഫാദർ ആയിമാറണം.